പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3662 — 15.07.2015 ൽ മറുപടിയ്ക്ക്

## കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ സ്വയം തൊഴിൽ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ഐ. സി. ബാലകൃഷ്ണൻ**<br>**" വി. പി. സജീന്ദ്രൻ**<br>**" ബെന്നി ബെഹനാൻ**<br>**" ടി. എൻ. പ്രതാപൻ** | | **ശ്രീ. എ.പി. അനിൽകുമാർ**<br>**(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** |
| എ) | സൗദി സർക്കാരിന്റെ നിതാഖത് നിയമം മൂലം തൊഴിൽ നഷ്ടപ്പെടുന്ന പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്ക് വേണ്ടി കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ പ്രത്യേക സ്വയം തൊഴിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | എ) | നിതാഖത്ത് നിയമം മൂലം സൗദി അറേബ്യയിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചു വന്ന മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കായി കെ. എസ്. ബി. സി. ഡി.സി. പ്രത്യേക സ്വയം തൊഴിൽ പദ്ധതി നടപ്പിലാക്കിയിരുന്നു. |
| ബി) | എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | ബി) | നിതാഖത്ത് നിയമം മൂലം തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവന്ന മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് ജീവിതമാർഗ്ഗം ഉണ്ടാക്കുന്നതിനായി സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പലിശ കുറഞ്ഞ വായ്പ ലഭ്യമാക്കുക എന്നതായിരുന്നു പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം. |
| സി) | ഏതെല്ലാം മേഖലയിൽ ആരംഭിക്കുന്ന സ്വയം തൊഴിലുകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതെന്ന് വിശദമാക്കുമോ; | സി) | വരുമാനദായകമായതും, നിയമപരമായി നടത്താൻ കഴിയുന്നതുമായ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി വായ്പ അനുവദിച്ചിരുന്നു. |
| ഡി) | എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് പദ്ധതിയിലൂടെ സംരംഭകർക്ക് നല്കുന്നതെന്ന് വിശദമാക്കുമോ? | ഡി) | 3% പലിശ നിരക്കിൽ പരമാവധി 10 ലക്ഷം രൂപയാണ് വായ്പ അനുവദിച്ചിരുന്നത്. |

സെക്ഷൻ ഓഫീസർ